"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിന്റെ ബിൽ തുക, കരാറുകാരനായ ശ്രീ.കെ എം ഗോപാലകൃഷ്ണൻ-ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ്

G.O.(Rt)No.2172/2024/LSGD തീയതി,തിരുവനന്തപുരം, 12-11-2024

---

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 13/08/2024-ലെ 2.8 ഖണ്ഡിക 4.67 തീരുമാനം

**ഉത്തരവ്**

കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-21, 2021-22 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി 5 പ്രോജെക്ടുകളായി വിവിധ ഘട്ടങ്ങളിലായി ടേക്ക് എ ബ്രേക്ക് കെട്ടിടം പൂർത്തീകരിക്കുകയുണ്ടായി. അതിൽ, ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് കൺസ്ട്രക്ഷൻ (പ്രോജക്റ്റ് നമ്പർ.156/22), ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റേഷൻ വിപുലീകരണം - തുടർ പ്രവൃത്തികൾ (പ്രോജക്റ്റ് നമ്പർ - 204/22) എന്നീ പദ്ധതികൾ ശ്രീ.കെ എം ഗോപാലകൃഷ്ണൻ എന്ന കരാറുകാരനാണ് പൂർത്തീകരിച്ചത്.എന്നാൽ അനുമതിയില്ലാതെ പ്രവർത്തി നടത്തി എന്ന കാരണം ചൂണ്ടിക്കാട്ടി ടിയാന് നൽകാനുള്ള ബിൽ തുക തടഞ്ഞു വയ്ക്കുകയുണ്ടായി.

തുടർന്ന് തുക നൽകുന്നില്ല എന്ന് ആരോപിച്ചുകൊണ്ട് കരാറുകാരൻ സമർപ്പിച്ച ഹർജിയിൽ പ്രവർത്തിയുടെ വാല്യുവേഷൻ തുക നൽകണമെന്ന് 7.11.2023-ലെ 752/23 -)ം നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പുകൾക്കായുള്ള ബഹു.ഓംബുഡ്സ്മാൻ ഉത്തരവാകുകയുണ്ടായി .ടി ഉത്തരവിനെതിരെ പഞ്ചായത്ത് ഫയൽ ചെയ്ത ഹർജിയിൽ ടി ഉത്തരവ് 05.03.2024 വരെ ബഹു.ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായി.ഇത് സംബന്ധിച്ച് കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ബഹു മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഉത്ഘാടന തീയതി നിശ്ചയിച്ചതിനാൽ പണി പൂർത്തീകരിക്കുന്നതിന് ജില്ലാ കലക്ടറും ശുചിത്വ മിഷനും നിർദ്ദേശം നൽകിയതിനെ തുടർന്ന് അടിയന്തര സ്വഭാവത്തിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരണ പ്രവൃത്തികളും ഗാർഡൻ , ഇന്റർലോക്ക് എന്നീ പ്രവൃത്തികളും കരാറുകാരൻ അധികമായി ചെയ്യുകയുണ്ടായി എന്നും പ്രത്യേക നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ അധികമായി ചെയ്ത പ്രവൃത്തികളുടെ അളവുകൾ 04/2021-22 എന്ന അളവ് പുസ്തകത്തിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളതാണ് എന്നും കരാറുകാരന് അധികം ചെയ്ത പ്രവൃത്തിയുടെ തുക നൽകുന്നതിനായി 2023-24 വാർഷിക പദ്ധതിയിൽ പ്രോജക്റ്റ്

രൂപീകരിച്ചിട്ടുണ്ട് എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ 6,16,560.58/- രൂപയുടെ വാലേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത അധിക പ്രവൃത്തി ആയതിനാൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കോ ഓർഡിനേഷൻ കമ്മിറ്റി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.ഗാർഡൻ, ഇൻ്റർലോക്ക് എന്നീ അധിക പ്രവൃത്തികൾ കൂടി കരാറുകാരന്റെ സന്നദ്ധതയ്ക്കനുസരിച്ച് നടപ്പാക്കാൻ അസിസ്റ്റൻ്റ് എഞ്ചിനീയറെ പഞ്ചായത്ത് ഭരണസമിതി ചുമതലപ്പെടുത്തിയതനുസരിച്ചാണ് ഇവ ചെയ്തതെന്നും അധികമായി ചെയ്ത പ്രവൃത്തികളുടെ വാല്യൂവേഷൻ തുക 6,16,560/- രൂപയാണ് എന്നും ഇത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചതായും ഇതനുസരിച്ച് കരാറുകാരന് ബിൽ തുക നൽകാവുന്നതാണെന്നും ചീഫ് എഞ്ചിനീയർ കോ ഓർഡിനേഷൻ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്തു.അതിനെത്തുടർന്ന് 13.08.2024-ൽ ചേർന്ന കോ ഓർഡിനേഷൻ കമ്മിറ്റി യോഗം, ഇത്തരം വീഴ്ചകൾ ഇനി ഉണ്ടാകരുത് എന്ന നിബന്ധനക്ക് വിധേയമായി, തുക നൽകാൻ അനുമതി നൽകുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 13/08/2024 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 2.8 ഖണ്ഡിക 4.67 തീരുമാനം പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-21, 2021-22 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ ടേക്ക് എ ബ്രേക്ക് പദ്ധതിപ്രകാരമുള്ള ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് കൺസ്ട്രക്ഷൻ (പ്രോജക്റ്റ് നമ്പർ.156/22), ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ വിപുലീകരണം - തുടർ പ്രവൃത്തികൾ (പ്രോജക്റ്റ്. നമ്പർ - 204/22) എന്നീ പ്രോജക്റ്റുകളുടെ കരാറുകാരനായ ശ്രീ.കെ എം ഗോപാലകൃഷ്ണന് ബിൽ പ്രകാരമുള്ള തുക നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHA K S
ADDITIONAL SECRETARY

സെക്രട്ടറി,കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ,കോഴിക്കോട്
ശ്രീ.കെ.എം. ഗോപാലകൃഷ്ണൻ, കുന്നത്തുവീട്,പുല്ലൂരാംപാറ പി.ഒ,തിരുവമ്പാടി,കോഴിക്കോട് -673 603
തദ്ദേശ സ്വയംഭരണ ( )വകുപ്പ്
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) ,കേരള,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ,I&PRD,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 13-11-2024 10:17:39